## പാഠം 12

# ദയാതല്പരൻ ആയിരിക്കുക

**വായിക്കുക:** മത്തായി 6:25–33; യാക്കോബ് 1:5–8; 2:15–16; യെശയ്യാവ് 52:7; 1 യോഹന്നാൻ 3:16; യെശയ്യാവ് 58:1–10.

**മനഃപാഠവാക്യം:** "നേരുള്ളവർക്കു ഇരുട്ടിൽ വെളിച്ചം ഉദിക്കുന്നു; അവൻ കൃപയും കരുണയും നീതിയും ഉള്ളവനാകുന്നു. കൃപതോന്നി വായ്പ കൊടുക്കുന്നവൻ ശുഭമായിരിക്കും; വ്യവഹാരത്തിൽ അവൻ തന്റെ കാര്യം നേടും" (സങ്കീ. 112:4,5).

ദൈവത്തിനു സാധുക്കളോടും പീഡിതരോടുമുള്ള കരുതലിന്റെയും അവർക്കുവേണ്ടി പ്രവർത്തിക്കുവാൻ ദൈവജനത്തോടുള്ള ആഹ്വാനത്തിന്റെയും വൈകാരികമായ വിവരണങ്ങൾകൊണ്ടു ബൈബിൾ നിറയപ്പെട്ടിരിക്കുന്നു. ഈ പ്രശ്നങ്ങൾക്കു ശ്രദ്ധ നൽകപ്പെട്ടിട്ടുണ്ടെങ്കിലും, ബൈബിളിന്റെ ഈ ആധികാരിക ആജ്ഞ വല്ലപ്പോഴും ഭാഗികമായുമാണു നിവർത്തിക്കപ്പെടുക; ക്രിസ്തുവിന്റെ വരവിലും തുടർന്നുള്ള അസാധാരണ സംഭവങ്ങളിലും മാത്രമേ അവ പൂർണ്ണം ആകയുള്ളൂ.

അതുവരെയും തിന്മ പല വിധങ്ങളിൽ നിലനിൽക്കും. പിശാചിന്റെയും അവന്റെ ദൂതന്മാരുടെയും അന്ധകാരമായ ആത്മിക സ്വാധീനമാണു അതിനു ഇന്ധനം ആയിരിക്കുന്നത്. ദാരിദ്ര്യം, അക്രമം, പീഡനം, അടിമത്വം, ചൂഷണം, സ്വാർത്ഥത അത്യാർത്തി എന്നിവയിലാണു തിന്മ പലപ്പോഴും അധികമായി പ്രത്യക്ഷമാകുന്നത്. അങ്ങനെയുള്ള ഒരു ലോകത്തിൽ, നമ്മുടെ സമൂഹങ്ങളും, നമ്മുടെ സഭകളും, നമ്മുടെ കുടുംബങ്ങളും ചിലപ്പോൾ എത്ര പ്രയാസകരം ആയിരുന്നാലും തിന്മയ്ക്ക് എതിരായി എഴുന്നേൽക്കണം. ദൈവത്തിന്റെ സ്നേഹത്തിനും ആജ്ഞകൾക്കും പ്രതികരണമായി, യേശുവിന്റെ ശുശ്രൂഷയിലും ത്യാഗത്തിലും ഉറച്ചുനിന്നും, പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്താൽ ശക്തീകരിക്കപ്പെട്ടും നയിക്കപ്പെട്ടും, നമ്മൾ അനുകമ്പയുള്ളവരും ക്രിയാത്മകരും ധൈര്യശാലികളുമായി, "ന്യായം പ്രവർത്തിപ്പാനും ദയാതല്പരർ ആയിരിക്കുവാനും, നിങ്ങളുടെ ദൈവത്തിന്റെ മുമ്പാകെ താഴ്മയോടെ നടക്കുവാനും" (മീഖാ. 6:8) ഉത്സാഹിക്കണം.

# രാജ്യപരമായ മുൻഗണനകൾ

യേശുവിന്റെയും പുതിയനിയമ എഴുത്തുകാരുടെയും ഉപദേശങ്ങളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നതു പോലെ, ദൈവരാജ്യത്തിന്റെ അംഗങ്ങൾ ആയിരിക്കുവാൻ തിരഞ്ഞെടുക്കുന്നവർ ലോകത്തിന്റേതിൽ നിന്നു വ്യത്യസ്തമായ മൂല്യങ്ങളുടെയും മുൻഗണകളുടെയും ഒരു സംഹിതയ്ക്കൊത്തു ജീവിക്കേണ്ടതുണ്ട്.

**മത്തായി 6:25-33 വായിക്കുക. ഈ വാക്യങ്ങളിൽ നമുക്കു നൽകപ്പെട്ടിരിക്കുന്ന അധികരിച്ച ഉറപ്പ് എന്താണ്? ഈ ഉറപ്പു നമ്മുടെ മുൻഗണനകളെ എങ്ങനെ സ്വാധീനിക്കണം?**

യേശു നമ്മെ പഠിപ്പിക്കുന്നത്, ജീവൻ ആഹാരത്തെക്കാളും ശരീരത്തെക്കാളും വസ്ത്രത്തെക്കാളും പ്രധാനം ആണെന്നാണ് (മത്താ. 6:25). ഈ കാര്യങ്ങൾ തീർച്ചയായും പ്രധാനമാണ്, എന്നാലും നാം അവയെ ദൈവരാജ്യത്തിന്റെ വെളിച്ചത്തിൽ കാണണം. നാം നമ്മുടെ ജീവിതങ്ങളെ യഥാർത്ഥവും പ്രായോഗികവുമായ വിധങ്ങളിൽ മുൻഗണനകളിൽ പുനഃക്രമീകരിക്കണം എന്നാണു അതിന്റെ അർത്ഥം. മറ്റുള്ളവരെ ഉയർത്തുവാനും കരുതുവാനും ബൈബിളിൽ എങ്ങുമുള്ള ആഹ്വാനം തിരിച്ചറിയുമ്പോൾ, യേശുവിന്റെ കാൽച്ചുവടുകളെ പിന്തുടരുവാൻ ആഗ്രഹിക്കുന്ന നമുക്കു ഈ ആഹ്വാനവും ഒരു മുൻഗണന ആയിത്തീരുന്നു. ആശയപരമായി, ഈ ആഹ്വാനം നമ്മിൽ കുറച്ചു മാത്രവും മറ്റുള്ളവരിൽ അധികവും ശ്രദ്ധിക്കുവാൻ നമ്മെ സഹായിക്കണം.

വ്യത്യസ്തമായ മുൻഗണനകളുടെ ഈ സംഹിത, നമ്മുടെ മേലും പീഡിതരുടെ മേലും അധികാരം ഉള്ളവരോടുള്ള നമ്മുടെ ബന്ധത്തിലും മാറ്റങ്ങൾ ഉണ്ടാക്കുന്നു. സാദ്ധ്യം ആയിടത്തോളം ഭരണാധികാരികളെ ബഹുമാനിക്കുകയും അനുസരിക്കുകയും വേണമെന്നു ബൈബിൾ അനുശാസിക്കുന്നു (റോമ 13:7). പത്രൊസിന്റെ വാക്കുകളെ പ്രതിദ്ധ്വനിപ്പിക്കുന്ന മറ്റൊരു കാര്യം കൂടി അവിടെയുണ്ട്: “മനുഷ്യരെക്കാൾ നമ്മൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു” (അ.പ്ര. 5:29). ഈ ചോദ്യത്തിലൂടെ യേശുവിനെ കുടുക്കുവാൻ ശ്രമിച്ചവർക്കു നൽകിയ മറുപടിയിൽ യേശു ഈ രണ്ടു തത്വങ്ങളെ സമന്വയിപ്പിച്ചു: “കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുപ്പിൻ” (മത്തായി 22:21).

സർക്കാരിലോ അല്ലാതെയോ അധികാരം ഉള്ളവർ ഭീഷണിയിലൂടെയോ ബലത്താലോ അധികാരത്തെ അടിച്ചേൽപിക്കുകയും നിലനിർത്തുകയും ചെയ്യാറുണ്ട്. യേശുവിന്റെ ജീവിതത്തിൽ നാം കണ്ടതുപോലെ, വിശ്വസ്തമായ ജീവിതത്തിനു എല്ലായ്പോഴും എല്ലാ സാഹചര്യങ്ങളിലും തിന്മയുടെ മുഖത്തു അനുകൂലത അത്യാവശ്യമല്ല. ഉദാഹരണത്തിന്, അമേരിക്കയിലെ അടിമത്വം കൈകാര്യം ചെയ്തതു സംബന്ധിച്ചു എലെൻ വൈറ്റ് എഴുതി: മനുഷ്യരുടെ നിയമങ്ങൾ ദൈവത്തിന്റെ വചനവും നിയമങ്ങളുമായി വിപരീതം ആകുമ്പോൾ, നമ്മൾ രണ്ടാമത്തേതിനെ അനുസരിക്കണം, പരിണതഫലങ്ങൾ എന്തുതന്നെ ആയിരുന്നാലും. നമ്മുടെ ദേശത്തിന്റെ നിയമം ഒരു അടിമയെ അവന്റെ ജയമാനനു വിട്ടുകൊടുക്കണമെന്നു ആവശ്യപ്പെട്ടാൽ നാം അനുസരിക്കേണ്ടതില്ല; ഈ നിയമം ലംഘിക്കുന്നതിന്റെ ദൂഷ്യഫലങ്ങൾ നാം അനുഭവിക്കുകയും വേണം. അടിമ ഏതെങ്കിലും മനുഷ്യന്റെ സ്വത്തല്ല. ദൈവമാണു ന്യായമായ ഉടമസ്ഥൻ; ദൈവത്തിന്റെ കൈപ്പണിയെ തന്റെ കൈകളിൽ എടുക്കുവാൻ ഒരു മനുഷ്യനും അവകാശമില്ല; സ്വന്തമെന്നു അവകാശപ്പെടുവാനും ഇല്ല.” Testimonies for the Church vot. 1, pp.201, 202.

**അധികാരികളോടുള്ള അനുസരണത്തിനും, പീഡകനായ ഒരു അധികാരിയുടെ ബലിയാടുകൾക്കുവേണ്ടി നിലകൊള്ളുന്നതിനും ഇടയിലെ വര എവിടെയാണ്?**

**തിങ്കൾ** **സെപ്തംബർ 16**

## അനുകമ്പാ പരിശ്രമം

“ലോകത്തുള്ള കുഴപ്പങ്ങൾ എല്ലാം” നമ്മുടെ സദുദ്ദേശങ്ങളെ മുക്കിക്കളയാതെ തടഞ്ഞുകൊണ്ടു, കഷ്ടപ്പെടുന്നവരുടെ ജീവിതങ്ങളിൽ മാറ്റം വരുത്തുവാൻ നമ്മിൽ പലരും ഇഷ്ടപ്പെടും. സഹായം ആവശ്യമായവർക്കു അനുകൂലമായ പ്രതികരണം നൽകുന്നതിനു സഹായകമായ മനോഭാവങ്ങളും പ്രവൃത്തികളും പലതുണ്ട്.

**അനുകമ്പ:** നമ്മൾ കണ്ടതുപോലെ, ദുഃഖിതരായവരുടെ വേദനകളെ തിരിച്ചറിയുന്നതും താതാത്മ്യം പ്രകടിപ്പിക്കുന്നതും പ്രവൃത്തിയിലേക്കുള്ള ആദ്യചുവടാണ്. കഷ്ടപ്പെടുന്നവരെ തിരിച്ചറിയുവാനുള്ള നമ്മുടെ ഗ്രാഹ്യശേഷിയെ നാം വളർത്തുകയും ബലപ്പെടുത്തുകയും വേണം. ഇന്നു ആളുകൾ അനുകമ്പാ ആലസ്യത്തെക്കുറിച്ചു സംസാരിക്കുന്നു. ധാരാളം ദുഃഖങ്ങളും ദുരന്തങ്ങളും നാം കാണുന്നു. നമ്മുടെ വൈകാരിക ഊർജ്ജവും സാമ്പത്തിക പിന്തുണയും ആവശ്യമായിവരുന്ന അനവധി കാര്യങ്ങളാൽ

നാം ക്ഷീണിതരായിത്തീരുന്നു. യേശു ആകട്ടെ തന്റെ ചുറ്റിലും കണ്ട തിന്മയിലും വേദനയിലും അതീവ ശ്രദ്ധാലു ആയിരുന്നു. എന്നാലും യേശു എപ്പോഴും അനുകമ്പ നിറഞ്ഞവൻ ആയിരുന്നു. നമ്മളും അങ്ങനെ വേണം.

**വിദ്യാഭ്യാസം:** അനീതിയുടെയും ദാരിദ്ര്യത്തിന്റെയും പല സാഹചര്യങ്ങളും സങ്കീർണ്ണം ആയിരിക്കകൊണ്ടു, ഈ സാഹചര്യങ്ങളെ സംബന്ധിച്ചു നമുക്കു കഴിയുന്നതൊക്കെ ശ്രദ്ധിക്കുന്നതും പഠിക്കുന്നതും പ്രധാനമാണ്. നല്ല ഉദ്ദേശ്യത്തോടുകൂടിയ ആളുകൾ സഹായിക്കുവാൻ ശ്രമിച്ചിട്ടു മറ്റുള്ളവരുടെ ജീവിതങ്ങൾക്കു ദോഷം സംഭവിച്ചതിന്റെ ധാരാളം അനുഭവങ്ങളുണ്ട്. ഒന്നും ചെയ്യാതിരിക്കുവാൻ ഇതൊരു കാരണം ആകരുത്; അതേസമയം അറിവോടും ചിന്തയോടുംകൂടിയ വിധങ്ങളിൽ ഉൾപ്പെട്ടു പ്രവർത്തിക്കണം

**പ്രാർത്ഥന:** ഒരു പ്രശ്നം നമ്മൾ കാണുമ്പോൾ "പ്രായോഗിക" നടപടി കൈക്കൊള്ളാനാണു നമ്മുടെ ആദ്യചിന്ത. പ്രാർത്ഥന പ്രായോഗികം ആണെന്നു പക്ഷേ ബൈബിൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ദരിദ്രരുടെയും പീഡിതരുടെയും ജീവിതങ്ങളിൽ അവർക്കും അവരുടെ മേൽ അധികാരമുള്ളവർക്കും വേണ്ടി പ്രാർത്ഥിക്കുന്നതിലൂടെ വ്യത്യാസങ്ങൾ ഉണ്ടാക്കാൻ കഴിയും (1 തിമൊ. 2:1,2). സഹായം ചെയ്യുന്നതിൽ കൂടുതൽ മെച്ചമായി ഇനിയും എങ്ങനെ കഴിയുമെന്നതിനു അതിലൂടെ ദൈവിക നടത്തിപ്പിനായി അന്വേഷിക്കുവാനും നമുക്കു കഴിയും (സദൃശ. 2:7,8).

**പ്രതീക്ഷകൾ:** സാമൂഹികവും രാഷ്ട്രീയവും വ്യക്തിപരവുമായ സാഹചര്യങ്ങളുടെ സങ്കീർണ്ണതയിൽ, കഷ്ടത ഇല്ലാതാക്കുവാൻ പ്രവർത്തിക്കുന്നതിൽ പ്രധാനപ്പെട്ട ഘടകമാണു ശരിയായ പ്രതീക്ഷകൾ. ആളുകൾക്കു അതിനുള്ള അവസരം ഇല്ലായിരുന്നെങ്കിൽ, അവർക്കു തിരഞ്ഞെടുപ്പുകളും അവസരങ്ങളും നൽകുക എന്നതാണു നമ്മുടെ പ്രതീക്ഷ ആയിരിക്കേണ്ടത്. ആളുകൾ ചിലപ്പോൾ ഈ അവസരങ്ങളെക്കൊണ്ടു ചെയ്യുന്നതു നമ്മെ നിരാശപ്പെടുത്തി എന്നു വരും. എന്നാലും അവരുടെ തിരഞ്ഞെടുപ്പുകളെ നാം മാനിക്കണം. കഷ്ടനിവാരണത്തിനായി ഏതെല്ലാം വഴികളിൽ നാം പ്രവർത്തിച്ചാലും, നമ്മെ വഴി കാണിക്കുന്ന തത്വം "അവർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ആഗ്രഹിക്കുന്നതു അവർക്കു ചെയ്യുക" എന്നതാകണം (മത്താ. 7:12).

**യാക്കോബ് 1:5-8 വായിക്കുക. ക്രിസ്തീയ പ്രവൃത്തിയിൽ പ്രാർത്ഥനയുടെ പങ്കു എന്താണ്? മറ്റുള്ളവർക്കായുള്ള നമ്മുടെ പ്രാർത്ഥനയ്ക്കുള്ള മറുപടിയിൽ നമുക്കു എന്തു സംഭാവന ചെയ്യാൻ കഴിയും എന്നാണു യാക്കോബ് 2:15,16 നിർദ്ദേശിക്കുന്നത്?**

# ഉദാരത

സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു (2 കൊരി. 9:7). ഉദാരമായി കൊടുക്കുക എന്നതു ക്രിസ്തീയ ജീവിതത്തിന്റെ ഒരു സുപ്രധാന ഭാഗമാണ്. നമ്മുടെ കൊടുക്കലിനെയും സാമ്പത്തിക മുൻഗണനകളെയും വെല്ലുവിളിക്കുവാൻ നാം ബൈബിളിനെ അനുവദിക്കുമ്പോൾ, ന്യായമാണോ എന്നു നോക്കാതെ, ഏതെങ്കിലും കാര്യത്തിനായി പണം വാരി എറിയുന്നതിനെക്കാൾ അധികമാണു ഉദാരത.

പകരം, "ദൈവത്തെ ഭയപ്പെടുന്നവരുടെ" ജീവിതമനോഭാവങ്ങളിലെ ഏറ്റവും വലിയ ഒന്നും ഒരു സുപ്രധാന ഗുണവിശേഷവും ആണു ഉദാരത. സങ്കീർത്തനം 112 ൽ ഇതു പലവട്ടം എടുത്തു പറയപ്പെട്ടിരിക്കുന്നു: "കൃപ തോന്നി വായ്പ കൊടുക്കുന്നവൻ ശുഭമായിരിക്കും, വ്യവഹാരത്തിൽ അവൻ തന്റെ കാര്യം നേടും" (വാ. 5).

**ദരിദ്രരോടുള്ള ഉദാരത സംബന്ധിച്ചു ഈ വേദഭാഗങ്ങൾ എന്തു പഠിപ്പിക്കുന്നു? ലേവ്യ 25:35–37; സങ്കീ. 119:36; 2 കൊരി. 8:12–15; 1 യോഹ. 3:16–18; 1 തിമൊ. 6:17–19.**

തന്റെ പുതിയനിയമ ലേഖനങ്ങളിൽ പൗലൊസ് ദൈവത്തിന്റെ ഉദാരമനസ്സിനെ എടുത്തു കാണിച്ചു-യേശു തന്റെ ജീവനെ നമുക്കുവേണ്ടി നൽകിയതിൽ അധികം നിറവോടെ കാണിക്കപ്പെടുന്നു – തരുന്നതാണു ക്രിസ്തീയ പ്രത്യാശയുടെ ഉറവിടം. പകരം, യേശുവിന്റെ നമുക്കുവേണ്ടിയുള്ള മരണം മറ്റുള്ളവരോടു ഉദാരതയിൽ ജീവിക്കുവാൻ നമുക്കു പ്രേരണ ആകണം: "എല്ലാ നന്മയുടെയും പരിജ്ഞാനത്താൽ നിന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ ക്രിസ്തുവിനായി സഫലം ആകേണ്ടതിനു എന്റെ പ്രാർത്ഥനയിൽ നിന്നെ ഓർത്തു എപ്പോഴും എന്റെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു" (ഫിലേമോൻ 6).

ഉദാരത എന്നതു വലുതും കരുത്തുറ്റതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ജീവിതത്തിലേക്കുള്ള മനോഭാവമാണ്. നമ്മിൽ തന്നെ ശ്രദ്ധിക്കുവാനാണു വ്യക്തികളിലും സമൂഹങ്ങളിലും സംസ്കാരങ്ങളിലും അധികമുള്ള പ്രചോദനം. നമുക്കു അതിനെ നേരിടാം, നമ്മിൽ അധികം പേർക്കും വീഴ്ചയ്ക്കുള്ള കാര്യം എന്തായാലും സ്വാർത്ഥത, സ്വാർത്ഥത, സ്വാർത്ഥത തന്നെയാണ്.

ഇതു വാസ്തവം ആണെങ്കിൽ സ്വാർത്ഥത മരിക്കുവാനും മറ്റുള്ളവർക്കുവേണ്ടി ജീവിക്കുവാനും നമ്മുടെ വിശ്വാസം നമുക്കു ഇടയാക്കും.

ദൈവം കാണുന്നതുപോലെ ലോകത്തെയും അതിലെ മനുഷ്യരെയും കാണുവാൻ നമ്മുടെ വിശ്വാസം നമ്മെ സഹായിക്കും. അവരുടെ നന്മയെയും തകർന്ന സ്ഥിതിയെയും നാം കാണണം. ആവശ്യമായ ഏതു അളവിലും ആവശ്യമായവരെ സഹായിക്കുന്നതിലേക്ക് അതു നമ്മെ നിർബ്ബന്ധിക്കും.

ജീവിതത്തിന്റെ ഒരു ഗുണമെന്ന നിലയിൽ ഉദാരത ധനശേഖരണക്കാരാലും കാരുണ്യപ്രവർത്തകരാലും തടസ്സം കൂടാതെ അഭിനന്ദിക്കപ്പെടുന്നു. അത്തരം ഉദാരത അളക്കാവുന്നതും നേരിട്ടു പ്രായോഗികവുമാണ്. പെരുത്ത സംഭാവനകൾ പക്ഷേ അത്യാവശ്യമായി ഉദാരതയുടെ സൂചകം ആകണമെന്നില്ല (മർക്കൊസ് 12:41-44 കാണുക). ഉദാരതയുടെ ഒരു ജീവിതം ഏതെങ്കിലും സംഭാവനയെക്കാൾ വലുതും വിലപ്പെട്ടതും ആണ്. നാം ചെയ്യുന്ന സകലതിലും ഉദാരതയുടെ ആത്മാവിനെ നാം അധികമായി അഭിനന്ദിക്കുകയും വളർത്തുകയും വേണം. അധികം ആളുകളിലും ഉദാരത സ്വാഭാവികമായി വരുന്നതല്ല. സന്നദ്ധമായും സദുദ്ദേശത്തോടുംകൂടി, നമ്മുടെ പാപപ്രകൃതത്തിന്റെയും സ്വാർത്ഥമായ മനുഷ്യഭാവത്തിന്റെയും സമ്മർദ്ദം കണക്കിലെടുക്കാതെ, ഉദാരത പ്രകടമാക്കുവാൻ ദൈവകൃപ നമുക്കു ആവശ്യമാണ്.

**ഉദാരമായാലും, പണം കൊടുക്കുന്നതല്ലാതെ, ഉദാരതയുടെ ആത്മാവിനെ പ്രകടിപ്പിക്കുന്ന മറ്റു മാർഗ്ഗങ്ങൾ ഏതെല്ലാമാണ്?**

**ബുധൻ** **സെപ്തംബർ 18**

## സമാധാനം ഉണ്ടാക്കുന്നത്

**മത്തായി 5:9 വായിക്കുക. യേശു ഇവിടെ പറയുന്നതു നാം ജീവിക്കുന്ന തരം ലോകത്തിൽ എങ്ങനെ സാധിക്കും? അന്തിമമായി നമുക്കു എത്രമാത്രം വിജയിക്കാൻ കഴിയും? (മർക്കൊസ് 13:7 കാണുക).**

അക്രമാസക്തമാകുന്ന തർക്കങ്ങളാണു കഷ്ടതയുടെ ഒരു പ്രധാന കാരണം. നേരിട്ടു കൊല്ലപ്പെടുന്നവരും ചിതറിയ ജീവിതങ്ങളും യുദ്ധച്ചെലവുകളിൽ ഉൾപ്പെടുന്നു. യുദ്ധസാമഗ്രികൾക്കു മാറ്റിവയ്ക്കപ്പെടുന്ന ശ്രദ്ധയും ധനവിഭവങ്ങളും മറ്റു മനുഷ്യാവശ്യങ്ങൾക്കായി വഴിതിരിച്ചു വിടണം. യുദ്ധത്തെ തുടർന്നുവരുന്ന കഷ്ടാനുഭവങ്ങളെയും, യുദ്ധാനന്തരം ശേഷിക്കുന്നവരും യുദ്ധതന്ത്രജ്ഞരും ആയി "വിജയികളുടെ" ഇടയിലും ദുരിതനിവാരണം വേണ്ടിവരുന്നു. താരതമ്യേന ചെറിയ സംഘട്ടനങ്ങൾ കുടുംബങ്ങളിലും സമൂഹങ്ങളിലും ധാരാളം പേർക്കു മുറിവുണ്ടാക്കാം. അങ്ങനെ, നീതിയോടുള്ള അഭിനിവേശം സമാധാനം ഉണ്ടാക്കുന്നതിനെ ആധികാരികം ആക്കുന്നു.

യേശുവിന്റെ സുവിശേഷത്തിന്റെ ഹൃദയഭാഗത്തു, സമാധാനം ഉണ്ടാക്കുന്ന ദൈവകൃപയോടുകൂടിയ മഹത്തായ ദൈവിക പ്രവൃത്തി കാണപ്പെടുന്നു. പാപംനിറഞ്ഞ മനുഷ്യജീവികളെ അവരുടെ സ്രഷ്ടാവുമായി നിരപ്പിക്കുന്നതും അതിൽ ഉൾപ്പെടുന്നു (2 കൊരി. 5:18–21). അങ്ങനെ നമുക്കു ലഭിക്കുന്ന അനുരഞ്ജനം, മറ്റുള്ളവർക്കു ലഭ്യമാക്കുവാൻ "സ്ഥാനാപതികൾ ആയിരിക്കുന്നതിനു നമുക്കു മാതൃകയാണ്.

**യെശയ്യാവ് 52:7 വായിക്കുക. ഈ വേദവാക്യത്തെ നാം എങ്ങനെയാണു ജീവിച്ചു കാണിക്കുന്നത്?**

സമാധാനത്തിന്റെ സുവിശേഷം, നമ്മുടെ സംഘർഷം നിറഞ്ഞ ലോകത്തിൽ സമാധാനത്തിനായി പ്രവർത്തിക്കുവാൻ ഉൾപ്രേരണയും മാതൃകയും വിഭവശേഷിയും ഒക്കെ ആയിത്തീരുന്നു. "ദൈവവുമായി ചേർച്ചയിൽ ആയിരിക്കുന്ന ഹൃദയം സ്വർഗ്ഗത്തിന്റെ സമാധാനത്തിനു പങ്കാളിയായി അതിന്റെ അനുഗൃഹീത സ്വാധീനത്തെ ചുറ്റുപാടും ലയിപ്പിക്കും. സമാധാനത്തിന്റെ ആത്മാവ്, ലൗകിക മത്സരം നിമിത്തം ക്ഷീണിതവും കലുഷിതവുമായ ഹൃദയത്തിന്മേൽ മഞ്ഞുതുള്ളിപ്പോലെ പതിക്കും" Ellen G. White, Thoughts from the Mount of Blessing P. 28.

ഗിരിപ്രഭാഷണത്തിലൂടെ യേശു പറഞ്ഞു, "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും." (മത്താ. 5:9). ഇതിനെ കൂടുതൽ വിശദമാക്കിക്കൊണ്ടു, കൊല്ലുന്നതിനു എതിരെയുള്ള കല്പനയെ ഉറപ്പിക്കുക മാത്രമല്ല, നാം കോപിക്കുകയോ വിരോധം സൂക്ഷിക്കുകയോപോലും അരുതെന്നു യേശു പറഞ്ഞു (മത്താ. 5:21–26 കാണുക). അത്രയുമല്ല, നാം ശത്രുക്കളെ സ്നേഹിക്കണമെന്നും നമ്മെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും കൂടി യേശു ഉപദേശിച്ചു. അതിന്റെ അർത്ഥം അവരുടെ നന്മയ്ക്കായി നമ്മൾ സജീവമായ നടപടികൾ എടുക്കണം എന്നാണ്. ലോകത്തിന്റെ കലുഷിത മേഖലകളിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനും, അനുരഞ്ജനവും സൗഖ്യവും കൊണ്ടുവരുന്നതിനും, അത്തരം കഠിനമായ തർക്കങ്ങൾ ഉളവാക്കിയ അന്യായങ്ങളെയും കഷ്ടാനുഭവങ്ങളെയും ഇല്ലാതാക്കുന്നതിനുവേണ്ടി സ്വന്തം ജീവിതങ്ങളെ സമർപ്പിച്ചവരുടെ ആവേശകരമായ കഥകൾ ധാരാളമുണ്ട്.

**നിങ്ങളുടെ പ്രാദേശിക സഭയ്ക്കു അതിന്റെ നിലയിൽ സമാധാനം ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ്?**

# ശബ്ദമില്ലാത്തവർക്കു ശബ്ദം

ശലോമോൻ എഴുതി, "മിണ്ടാതിരിപ്പാൻ ഒരു കാലം, സംസാരിപ്പാൻ ഒരു കാലം" (സഭാ. 3:7). അദ്ദേഹം പറഞ്ഞതു ശരി ആയിരുന്നു, ആ തുലനാവസ്ഥ കണ്ടുപിടിക്കുന്നത് നമ്മിൽ പലർക്കും നിസ്സാരവുമല്ല. എന്നിരുന്നാലും, പീഡിതർക്കും ശബ്ദമില്ലാത്തവർക്കുംവേണ്ടി സംസാരിക്കുന്ന കാര്യത്തിലും തിന്മയെ നന്മകൊണ്ടു ജയിക്കുന്ന കാര്യത്തിലും, നമ്മുടെ ശബ്ദം കേൾക്കേണ്ട സമയത്തു മിണ്ടാതിരുന്നുകൊണ്ടു ഒരു സഭ എന്ന നിലയിൽ നമുക്കു തെറ്റു പറ്റുവാൻ സാദ്ധ്യമാണോ?

യേശുവിന്റെ കൈകളും കാലുകളും ആയിരിക്കുന്നതിനെ സംബന്ധിച്ചു ക്രിസ്ത്യാനികൾ പലപ്പോഴും പറഞ്ഞിട്ടുണ്ട്. നാം ചെയ്യുവാൻ യേശു ആഗ്രഹിക്കുന്ന പ്രകാരം പ്രാവർത്തിക സേനവമാണു അതുകൊണ്ടു ഉദ്ദേശിക്കപ്പെടുന്നത്. ബൈബിൾ പ്രകടമാക്കുന്ന പ്രാവചനിക കർത്തവ്യത്തിൽ പക്ഷേ, സ്ത്രീ പുരുഷന്മാർക്കായുള്ള ദൈവത്തിന്റെ ആദ്യ ആഹ്വാനം തന്റെ ശബ്ദം ആയിരിക്കുവാനാണ് – ദൈവത്തിനുവേണ്ടി സംസാരിക്കുന്നത്, ദൈവം പരിരക്ഷിക്കുവാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി സംസാരിക്കുന്നതു കൂടിയാണ് (സങ്കീ. 146:6–10).

**യെശയ്യാവ് 58:1–10 വായിക്കുക. പ്രത്യേകമായ സമയത്തും സ്ഥലത്തും സാഹചര്യത്തിലും സംസാരിക്കപ്പെട്ട ഈ ദൂതു മറ്റൊരു കാലത്തും, സ്ഥലത്തും, സാഹചര്യത്തിലും ഇന്നു നമ്മോടു എന്താണു പറയുന്നത്? യെശയ്യാവിന്റെയും നമ്മുടെയും കാലങ്ങൾക്കിടയിൽ വാസ്തവത്തിൽ എത്രമാത്രം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്?**

നീതിക്കായുള്ള പ്രവാചകന്റെ നിലവിളി ഒരിക്കലും ജനപ്രീതിയിലേക്കുള്ള ഒരു പാത ആയിരുന്നില്ല. ദൈവത്തിന്റെ നിയോഗത്താൽ ഉൾപ്രേരിതരായി പ്രവാചകന്മാർ പക്ഷേ, നീതിക്കായുള്ള ദൈവത്തിന്റെ ആഗ്രഹം അറിഞ്ഞു, ദരിദ്രരുടെയും പിഡീതരുടെയും ദുർഗ്ഗതിയിൽ സഹതപിച്ചു, തങ്ങളുടെ സമൂഹത്തിനു ഉത്തമം ആയതു അന്വേഷിച്ചുകൊണ്ടു, തങ്ങളുടെ കാലത്തും സ്ഥലത്തും എതിർപ്പും അസ്വസ്ഥതയും അപകടവും ഉണ്ടായിരുന്നിട്ടും പ്രവാചകന്മാർ ശബ്ദമില്ലാത്തവരുടെ ശബ്ദമാകുവാൻ ധൈര്യപ്പെട്ടു (1 പത്രൊ. 3:17).

സുവിശേഷത്തിലുള്ള പരിജ്ഞാനത്തിന്റെയും ലോകത്തിനു യേശുവിനെ പ്രതിഫലിപ്പിക്കുവാനുള്ള ആഹ്വാനത്തിന്റെയും അടിസ്ഥാനത്തിൽ,

ലോകത്തിലുള്ള തിന്മയെ കൈകാര്യം ചെയ്യുന്നതിൽ, സെവന്ത്ഡേ അഡ്വന്റിസ്റ്റുകൾക്കു പല കാര്യങ്ങൾ നൽകുവാനുണ്ട്.

അപ്രകാരം, "ദാരിദ്ര്യത്തെയും അനുബന്ധമായ അന്യായങ്ങളെയും കുറവുചെയ്യുന്നതു ക്രിസ്തീയ സാമൂഹിക ഉത്തരവാദിത്വത്തിന്റെ ഒരു സുപ്രധാന ഭാഗമാണെന്നു സെവന്ത്ഡേ അഡ്വന്റിസ്റ്റുകൾ വിശ്വസിക്കുന്നു. ദൈവത്തിനു ദരിദ്രരോടുള്ള പ്രത്യേക താല്പര്യത്തെയും, തന്റെ അനുയായികൾ, സ്വയം പരിരക്ഷിക്കുവാൻ കഴിയാത്തവരോടു എങ്ങനെ പ്രതികരിക്കണം എന്നതിനെയും ബൈബിൾ വ്യക്തമായി വെളിപ്പെടുത്തുന്നു. എല്ലാ മനുഷ്യരും ദൈവത്തിന്റെ ഛായ വഹിക്കുന്നതോടൊപ്പം ദൈവാനുഗ്രഹം ലഭിക്കേണ്ടവരുമാണ് (ലൂക്കൊ. 6:20). ദരിദ്രരോടൊത്തു പ്രവർത്തിക്കുന്നതിൽ നാം യേശുവിന്റെ മാതൃകയും ഉപദേശങ്ങളും പിൻതുടരുന്നു (മത്താ. 25:35-36). ഒരു ആത്മിക സമൂഹം എന്ന നിലയിൽ, സെവന്ത്ഡേ അഡ്വന്റിസ്റ്റുകൾ ദരിദ്രരുടെ നീതിക്കുവേണ്ടി നിലകൊള്ളുകയും, സ്വയം സംസാരിക്കുവാൻ കഴിയാത്തവർക്കു വേണ്ടി സംസാരിക്കുകയും (സദൃശ. 31:8), ദരിദ്രരുടെ അവകാശങ്ങളെ നിഷേധിക്കുന്നവർക്കു എതിരെ വാദിക്കുകയും ചെയ്യുന്നു (യെശ. 10:2). സാധുക്കൾക്കു നീതി ഉറപ്പുവരുത്തുന്ന ദൈവത്തോടു നമ്മൾ സഹകരിക്കുന്നു" (സങ്കീ. 140-12)- ആഗോള ദാരിദ്ര്യം സംബന്ധിച്ചു സെവന്ത്ഡേ അഡ്വന്റിസ്റ്റു സഭയുടെ ഔദ്യോഗിക പ്രസ്താവന, ജൂൺ 24, 2010.

**വെള്ളി** **സെപ്തംബർ 20**

**കൂടുതൽ പഠനം:** എലെൻ ജി. വൈറ്റിന്റെ The Ministry of Healing, PP. 503-516; Testimonies for the Church, Vol. 3, PP. 511-526; Testimonies for the Church vol. 2, PP. 24-37.

"ആകാശത്തിലും ഭൂമിയിലും തിരയുക, നമ്മുടെ സഹതാപവും കൈത്താങ്ങും ആവശ്യമായവർക്കായുള്ള കാരുണ്യപ്രവൃത്തിയിൽ പ്രകടമായിരിക്കുന്നതുപോലെ ശക്തമായവിധം വെളിപ്പെടുത്തിയിട്ടുള്ള ഒരു സത്യം വേറെയില്ല. യേശുവിലുള്ള അതേ സത്യം ആണിത്. ക്രിസ്തുവിന്റെ നാമം സ്വീകരിച്ചവർ സുവർണ്ണനിയമത്തിന്റെ തത്വങ്ങളെ അനുവർത്തിക്കുമ്പോൾ, അപ്പോസ്തൊലിക കാലത്ത് എന്നപോലെ അതേ ശക്തി സുവിശേഷത്തിനു ശക്തിപകരും" E.G. White, Thoughts from the Mount of Blessing, P.137.

ദൈവത്തോടു അങ്ങേയറ്റത്തെ സ്നേഹവും, തമ്മിൽ തമ്മിൽ നിസ്വാർത്ഥ സ്നേഹവും അതാണു - നമ്മുടെ സ്വർഗ്ഗസ്ഥ പിതാവിനു പകരുവാൻ കഴിയുന്ന അത്യുത്തമമായ ദാനമാണ്. ഈ സ്നേഹം പെട്ടെന്നു

ണ്ടാകുന്ന തോന്നലല്ല, എന്നാൽ ഒരു ദിവ്യതത്വമാണ്, ഒരു സ്ഥിരമായ ശക്തി അർപ്പിതമല്ലാത്ത ഒരു ഹൃദയത്തിനു ഇതിനെ ഉളവാക്കുവാനോ ഉല്പാദിപ്പിക്കുവാനോ കഴിയുകയില്ല. യേശു വാഴുന്ന ഒരു ഹൃദയത്തിൽ മാത്രമേ അതു കാണപ്പെടുകയുള്ളൂ... ആത്മാവിൽ പരിരക്ഷിക്കപ്പെടുന്ന ഈ സ്നേഹം ജീവിതത്തെ മധുരമാക്കുകയും ചുറ്റിലും ശുദ്ധീകരിക്കുന്ന സ്വാധീനം വിതറുകയും ചെയ്യും" E. G. White, The Acts of the Apostles, p.551.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. ഈ ആഴ്ചയിലെ പഠനത്തിൽ നാം കണ്ടതുപോലെ സുവിശേഷം മറ്റുള്ളവർക്കുവേണ്ടി പ്രവർത്തിക്കുന്നതിനുള്ള ഉൾപ്രേരണയും രൂപമാതൃകയും ആയിത്തുടരുന്നു. ദൈവം നമുക്കുവേണ്ടി എന്താണു ചെയ്തിരിക്കുന്നത്, നമ്മോടുള്ള സ്നേഹത്തെ ദൈവം എങ്ങനെ കാണിക്കുന്നു എന്നതിന്റെ നല്ല വാർത്തയെ സംബന്ധിച്ച നിങ്ങളുടെ അറിവിനെയും അഭിനന്ദനത്തെയും ഈ അറിവു എങ്ങനെ വളർത്തുന്നു?

2. ശബ്ദമില്ലാത്തവർക്കുവേണ്ടി ശബ്ദിക്കുക, സമാധാന ശ്രമങ്ങളിൽ ഏർപ്പെടുക, മുതലായ പ്രവർത്തനങ്ങൾ നമ്മെ പൊതു രാഷ്ട്രീയ വേദികളിൽ എത്തിക്കും. എന്നാൽ സെവന്ത്ഡേ അഡ്വന്റിസ്റ്റു സഭ, രാഷ്ട്രവും സഭയും വേറിട്ടിരിക്കണ എന്നതിൽ ഉറച്ചു നിൽക്കുന്നു. അനുയോജ്യമല്ലാത്ത രാഷ്ട്രീയ ഇടപെടലും പൊതുവായ വിധങ്ങളിൽ സംസാരിക്കുകയും സമാധാനശ്രമം നടത്തുകയും ചെയ്യുന്നതും തമ്മിലുള്ള വ്യത്യാസം എന്താണ്?

3. ഈ ആഴ്ചയിൽ പഠിച്ച ഏതു നടപടിയാണു നിങ്ങൾ സമൂഹത്തിൽ സ്വീകരിക്കാൻ പോകുന്നത്?

4. തിന്മയുടെയും പീഡനത്തിന്റെയും ഏതു പ്രശ്നത്തെയാണു പ്രാർത്ഥനയ്ക്കായി നിങ്ങൾ സ്വീകരിക്കുന്നത്?

**സംഗ്രഹം:** യേശുവിന്റെ ഒരു അനുയായി ആയിത്തീരുന്നത് നിമിത്തം നമ്മുടെ ജീവിതങ്ങളിൽ പല വിധമായ മാറ്റങ്ങൾ ഉണ്ടാകും. ദരിദ്രർക്കും ചവിട്ടിമെതിക്കപ്പെട്ടവർക്കും വേണ്ടി സജീവമായി പ്രവർത്തിക്കുന്നതിൽ ദൈവത്തോടൊപ്പം ചേരുന്നതിനുള്ള താല്പര്യവും അതിൽ ഉൾപ്പെടുന്നു. ഒരിക്കലും അനായാസ പ്രവൃത്തി ആകില്ല, ജനപ്രീതിയും ഉണ്ടായെന്നു വരില്ല; എന്നാൽ ഇതു നമ്മുടെ മുൻഗണനകളിൽ മാറ്റം വരുത്തും, നമ്മുടെ ചുറ്റുമുള്ള ലോകത്തിലെ മുറിവേറ്റവരെ സുഖപ്പെടുത്തുന്നതിനായി സജീവമായ നടപടികൾ സ്വീകരിക്കുവാൻ ഇതു നമുക്കു ഉൾപ്രേരണയാകും.

***